# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4208** **13.12.2018-ൽ മറുപടിയ്ക്ക്**

## തുറന്നു പ്രവർത്തിച്ച വ്യവസായങ്ങൾ

| ചോദ്യം<br>ശ്രീ.എം. രാജഗോപാലൻ | ഉത്തരം<br>ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| --- | --- |
| മുൻ സർക്കാരിന്റെ കാലത്ത് പൂട്ടിക്കിടന്ന എത്ര വ്യവസായ ശാലകളാണ് ഇപ്പോൾ തുറന്ന് പ്രവർത്തിക്കുന്ന തെന്നും ഇവയുടെ ലാഭനഷ്ട കണക്ക് എത്രയെന്നും വ്യക്തമാക്കാമോ? | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വ്യവസായ വകുപ്പിന്റെ അധീനതയിൽ മുൻ കാലങ്ങളിൽ തന്നെ പ്രവർത്തനം നിർത്തലാക്കിയ പൊതുമേഖലാ സ്ഥാപനങ്ങളൊന്നും തുറന്നു പ്രവർത്തിച്ചിട്ടില്ല. ഇവയുടെ പ്രവർത്തനം നിർത്താലാക്കി ലിക്വിഡേഷൻ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ജീവനക്കാരെല്ലാം സ്വയം വിരമിക്കൽ പദ്ധതി പ്രകാരം മുൻ കാലങ്ങളിൽ തന്നെ പിരിഞ്ഞുപോയിട്ടുണ്ട്.<br>ആസ്ട്രൽ വാച്ചസ് ലിമിറ്റഡ്, കേരളാ ഗാർമെന്റ്സ് ലിമിറ്റഡ്, കെൽട്രോൺ കൗണ്ടേഴ്സ് ലിമിറ്റഡ്. കെൽട്രോൺ പവർ ഡിവൈസസ് ലിമിറ്റഡ്, കെൽട്രോൺ റെക്ടിഫയേഴ്സ് ലിമിറ്റഡ്, സിഡ്ക്കൽ ടെലിവിഷൻസ് ലിമിറ്റഡ്, കേരളാ സ്റ്റേറ്റ് ഡിറ്റർജന്റ്സ് ആൻഡ് കെമിക്കൽസ് ലിമിറ്റഡ്, കേരളാ സ്പെഷ്യൽ റിഫ്രാക്ടറീസ് ലിമിറ്റഡ് എന്നിവയാണ് മുൻകാലങ്ങളിൽ പ്രവർത്തനം നിർത്തലാക്കി ലിക്വിഡേഷൻ നടപടികൾ സ്വീകരിച്ചു വരുന്ന സ്ഥാപനങ്ങൾ. ഇവയുടെ ലിക്വിഡേഷൻ നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തുന്ന തിനായി ഒരു സ്പെഷ്യൽ ഓഫീസറേയും സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ സ്ഥാപനങ്ങളുടെ ആസ്തികൾ സംസ്ഥാനത്തിന്റെ വ്യവസായ വികസനത്തിന് ഉപയോഗിക്കുന്നതിനായി കിൻഫ്ര, കെ.എസ്.ഐ.ഡി.സി, കെൽട്രോൺ മുതലായ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. |

**സെക്ഷൻ ഓഫീസർ**